(ഡി) ഈ കാലാവധി കരാറിൽ പരാമർശിക്കുന്ന പരമാവധിക്കാലത്തിനു തുല്യമാണോ; അല്ലെങ്കിൽ ഈ കാലാവധി നിയമദൃഷ്ട്യാ നിലനിൽക്കുമോ;

(ഇ) പ്രസ്തുത കാലാവധിയുടെ സാംഗത്യത്തെപ്പറ്റി കോടതിയെ സമീപിക്കുവാൻ ഉദ്ദേശമുണ്ടോ; അല്ലാത്തപക്ഷം നിയമനിർമ്മാണം മുഖേന ഈ കാലാവധി നിയമ വിധേയമാക്കുമോ?

ഉത്തരം

(എ) മുല്ലപ്പെരിയാർ പാട്ടകരാർ ഒപ്പുവച്ചത്. 1886 ഒക്ടോബർ 29-ന് ആണ്. ഭേദഗതിക്കരാർ ഒപ്പുവച്ചത് 1970 മെയ് 29-നും ആണ്. കരാറിന്റെ കാലാവധി 999 വർഷം ആണ്. ഈ കരാർ 999 വർഷം കൂടുമ്പോൾ ഉഭയസമ്മതപ്രകാരം പുതുക്കുവാനും വ്യവസ്ഥയുണ്ട്.

(ബി) ഡാമിന്റെ കേന്ദ്രഭാഗം ചുണ്ണാമ്പ്, സുർക്കി, കോൺക്രീറ്റ് എന്നിവ ഉപയോഗിച്ചും ഡാമിന്റെ മുൻഭാഗങ്ങൾ പരുക്കൻ കല്ലുകൊണ്ട് കൽപ്പണി നടത്തിയുമാണ് നിർമ്മിച്ചിരിക്കുന്നത്. ഡാമിന്റെ പിൻഭാഗം പിന്നീട് കോൺക്രീറ്റ് ചെയ്ത് ബലപ്പെടുത്തിയിട്ടുണ്ട്.

(സി) കരാറിൽ അണക്കെട്ടിന്റെ കാലാവധി പ്രസ്താവിച്ചിട്ടില്ല. കരാറിൽ 155 അടി കോണ്ടൂരിൽ ഒഴുകിവരുന്ന ജലത്തിന്റെ അവകാശം മാത്രമേ 999 വർഷത്തേയ്ക്ക് പറഞ്ഞിട്ടുള്ളൂ. സാധാരണയായി ഒരു ഡാമിന്റെ കാലാവധി 100 വർഷമാണ്. 108 വർഷം പഴക്കമുള്ള ഡാം സാങ്കേതികമായി സുരക്ഷിതമല്ലാത്തതിനാൽ 999 വർഷക്കാലാവധി വരെ ഡാം നിലനിൽക്കുമെന്നു കരുതുന്നില്ല.

(ഡി) അല്ല. കരാറിന്റെ കാലാവധി നിയമദൃഷ്ട്യാ നിലനിൽക്കും.

(ഇ) ഒരു കരാർ ഇത്രകാലത്തെ കാലാവധി വച്ചു മാത്രമേ വയ്ക്കാവൂ എന്ന് നിലവിലുള്ള ഏതെങ്കിലും നിയമത്തിൽ വ്യവസ്ഥയില്ല. അതിനാൽ 999 വർഷക്കാലാവധി എന്നതു നിയമവിധേയമാണ്.

മുല്ലപ്പെരിയാർ നദീജലം തമിഴ്നാട് വിനിയോഗിക്കുന്ന രീതി

34 [1815] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
„ എം. പി. ഗംഗാധരൻ:
„ പി. ജെ. ജോയി:
„ എം. എ. ചന്ദ്രശേഖരൻ:
പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ നദീജലം വൈദ്യുതി ഉൽപ്പാദനത്തിനും ജലസേചനത്തിനും തമിഴ്നാട് ഉപയോഗിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ കരാറിലെ വ്യവസ്ഥയനുസരിച്ചാണോ തമിഴ്നാട് ഇപ്രകാരം ചെയ്യുന്നത്;

(സി) മുല്ലപ്പെരിയാർ നദീജലമുപയോഗിച്ചുണ്ടാക്കുന്ന വൈദ്യുതി വിറ്റ് തമിഴ്നാടിന് പ്രതിവർഷം എന്തു തുക ലഭിക്കുന്നു എന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത ജലം ഉപയോഗിച്ച് ജലസേചനം നടത്തുന്നതുകൊണ്ട് തമിഴ്നാടിന് എന്ത് അധിക ഉത്പാദനം ഉണ്ടാക്കുവാൻ കഴിയുന്നു എന്ന് വെളിപ്പെടുത്താമോ;

(ഇ) ഈ ആവശ്യങ്ങൾക്ക് മുല്ലപ്പെരിയാർ ജലം ഉപയോഗിക്കുന്നത് കരാർ പ്രകാരമല്ലെങ്കിൽ കരാർ ലംഘനത്തിന്റെ പേരിൽ ഗവൺമെന്റ് എന്ത് നടപടിയെടുത്തു എന്ന് അറിയിക്കാമോ;

(എഫ്) ഒരു നടപടിയും എടുക്കാത്തപക്ഷം അതുകൊണ്ട് സംസ്ഥാനത്തിന് എന്തെല്ലാം ഗുണമുണ്ടാക്കിയിട്ടുണ്ട്;

(ജി) ഇതുമൂലം കേരളത്തിന് ഒരു ഗുണവുമുണ്ടാകാത്തപക്ഷം ഈ കരാർ ലംഘനത്തിന്റെ പേരിൽ നടപടിയെടുക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അതെ.

(സി ആന്റ് ഡി) ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

(ഇ) 1886-ലെ പെരിയാർ പാട്ടക്കരാറും, 1970-ൽ ഒപ്പുവച്ച അനുബന്ധകരാർ പ്രകാരവുമാണ് മുല്ലപ്പെരിയാറിലെ നദീജലം തമിഴ്നാട് ഉപയോഗിക്കുന്നത്. അതിനാൽ കരാർ ലംഘനം ഉദിക്കുന്നില്ല.

(എഫ്) മുല്ലപ്പെരിയാർ ഡാമിൽ നിന്നുമുള്ള ജലം ഉപയോഗിച്ച് തമിഴ്നാട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് കേരളത്തിന് റോയൽറ്റി ലഭിക്കുന്നുണ്ട്. 2002-2003 വരെ ഈയിനത്തിൽ 2,70,24,797 (രണ്ടുകോടി എഴുപത് ലക്ഷത്തി ഇരുപത്തി നാലായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ) ലഭിച്ചു. ഇതിന് പുറമെ സ്ഥലം പാട്ടത്തിന് നൽകിയതിന്റെ വാടകയും ലഭിക്കുന്നുണ്ട്.

(ജി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly